<u>പത്രക്കുറിപ്പ്</u>

# ഓട്ടോറിക്ഷ മോഷണം: പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം ചപ്പാത്ത് ജംഗ്ഷനിൽ നിന്നും ആട്ടോറിക്ഷ മോഷ്ടിച്ചെടുത്ത പ്രതിയെ പോലീസ് പിടികൂടിയതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. വിഴിഞ്ഞം ഫിഷ് ലാന്റ് പാർക്കിംഗ് സെന്ററിന് സമീപം താമസം ആട്ടോറിക്ഷ ഡ്രൈവറായ മുരുകൻ (55)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 7-ാം തീയതി രാത്രിയാണ് മോഷണം നടന്നത്. ചപ്പാത്ത് ജംഗ്ഷന് സമീപം പാർക്ക് ചെയ്തിരുന്ന മുട്ടയ്ക്കാട് സ്വദേശി പ്രേംകുമാറിന്റെ ആട്ടോറിക്ഷ പൂട്ട് പൊളിച്ച് പ്രതി മോഷ്ടിച്ചെടുക്കുകയായിരുന്നു. സിറ്റി കേന്ദ്രീകരിച്ച് രഹസ്യമായി ഓടിച്ചു വരികയായിരുന്ന ആട്ടോറിക്ഷ ഉൾപ്പെടെ ഇയാളെ കഴിഞ്ഞ ദിവസം കവടിയാറിൽ നിന്നാണ് പോലീസ് പിടികൂടിയത്. വിഴിഞ്ഞം എസ്.എച്ച്.ഒ രമേശ്, എസ്.ഐ-മാരായ ബാലകൃഷ്ണൻ ആചാരി, രാജേഷ് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
മുരുകൻ (55)

## കോവിഡ്-19 സുരക്ഷാ പരിശോധന ശക്തമായി തുടരുന്നു

# വിലക്ക് ലംഘനം: 983 പേർക്കെതിരെ നിയമനടപടി 3,08,500/- രൂപ പിഴ ഈടാക്കി

കോവിഡ് രോഗവ്യപാനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധന പോലീസ് ശക്തമായി തുടരുന്നു. തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (19-04-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 983 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 364 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 617 പേരിൽ നിന്നും 3,08,500/- രൂപ പിഴ ഈടാക്കി. കൂടാതെ കോവിഡ് സുരക്ഷാ നിർദേശങ്ങൾ പാലിക്കാത്ത 2 വാഹനങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 1460 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
19-04-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി